| Headline: KKV Agro power listed on NSE | |
|---|---|
| Source: Malayala Manorama | Date 17 July 2016 |

# കെകെവി അഗ്രോ എൻഎസ്ഇ എമർജിൽ ലിസ്റ്റ് ചെയ്തു

കൊച്ചി • പുനരുപയോഗ ഊർജ മേഖലയിൽ നിന്നുള്ള ആദ്യ കമ്പനി നാഷനൽ സ്റ്റോക്ക് എക്സ്ചേഞ്ചിൽ ലിസ്റ്റ് ചെയ്തു.

ദക്ഷിണേന്ത്യയിൽ നിന്നുള്ള കെകെവി അഗ്രോ പവേഴ്സാണ് ചെറുകിട ഇടത്തരം കമ്പനികൾക്കായുള്ള എൻഎസ്ഇ എമർജിൽ ലിസ്റ്റ് ചെയ്തത്. കോയമ്പത്തൂർ ആസ്ഥാനമായ എസ്എംഇ മേഖലയിലെ സംരംഭകരാണ് ഇതിന്റെ പ്രൊമോട്ടർമാർ. എമർജ് പ്ലാറ്റ്ഫോമിൽ ലിസ്റ്റ് ചെയ്ത 39 -മതു കമ്പനിയാണിത്. കമ്പനിയുടെ പ്രാഥമിക ഓഹരി വിൽപന 2.04 ഇരട്ടി അപേക്ഷ നേടിയിരുന്നു. സൗരോർജ, കാറ്റാടി വൈദ്യുത പദ്ധതികളാണു കമ്പനി നടപ്പാക്കുന്നത്.

എസ്എംഇ മേഖലയിലെ കമ്പനികളിൽ നിന്നു മികച്ച പ്രതികരണമാണു ലഭിക്കുന്നതെന്ന് നാഷനൽ സ്റ്റോക്ക് എക്സ്ചേഞ്ച് ദക്ഷിണ മേഖലാ മേധാവി സുനിതാ ആനന്ദ് പറഞ്ഞു. കമ്പനിയുടെ നിലവിലെ മാനേജ്മെന്റ് നേരത്തെ ചെന്നൈ സിൽക്ക്സ്, ശ്രീകുമരൻ തങ്കമാളികൈ തുടങ്ങിയ ബ്രാൻഡുകൾ വളർത്തിയെടുത്തിട്ടുണ്ട്.